നം. എൻ2/90010/2017/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി. 07/09/2018
Phone No. 0471 – 2328438
Email: scholarshipdpi@gmail.com

# സർക്കുലർ

വിഷയം :- പൊതുവിദ്യാഭ്യാസം - വിദ്യാർത്ഥികളിൽ നിന്നും 11/9/2018 ന് പ്രളയ ദുരന്തത്തിൽപ്പെട്ടവരെ സഹായിക്കുന്നതിന് ഫണ്ട് ശേഖരണം സംബന്ധിച്ച് ബഹു.മുഖ്യമന്ത്രിയുടെ സന്ദേശം സ്കൂൾ അസംബ്ലിയിൽ വായിക്കുന്നത്- സംബന്ധിച്ച്.

സൂചന :- 1) ബഹു.മുഖ്യമന്ത്രി സ്കൂൾ വിദ്യാർത്ഥികൾക്കായി നൽകുന്ന സന്ദേശം.
2) 3.09.2018 ന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എൻ2/90010/17/ ഡിപിഐ നമ്പർ സർക്കുലർ.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാതരം സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ നിന്നും പ്രളയദുരിതം അനുഭവിക്കുന്നവരെ സഹായിക്കുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സഹായം അഭ്യർത്ഥിച്ചുകൊണ്ട് ബഹു.മുഖ്യമന്ത്രി വിദ്യാർത്ഥികൾക്കായി ഒരു സന്ദേശം തയ്യാറാക്കി നൽകിയിട്ടുണ്ട്. പ്രസ്തുത സന്ദേശം എല്ലാ പ്രഥമാദ്ധ്യാപകരും പ്രിന്റ് എടുത്ത് സ്കൂൾ അസംബ്ലിയിൽ 10/09/2018 രാവിലെ വായിക്കേണ്ടതും, 11/9/2018 ന് നടക്കുന്ന ഫണ്ട് ശേഖരണം പൊതുവിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കിയിരിക്കുന്ന ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതുമാണ്. എസ്.ബി.ഐയുടെ തിരുവനന്തപുരം ജഗതിയിലുള്ള ശാഖയിൽ എടുത്തിരിക്കുന്ന കറണ്ട് അക്കൗണ്ട് (അക്കൗണ്ട് നം. **37918513327, IFS കോഡ്- SBIN0070568)** ഈ ആവശ്യത്തിന് മാത്രമുള്ളതും താത്കാലികവുമാണ്. ആയതിനാൽ 11,12 തീയതികളിൽ തന്നെ ഇതിലേയ്ക്ക് തുക നിക്ഷേപിച്ച് ഈ പരിപാടി വമ്പിച്ച വിജയമാക്കണമെന്നും അറിയിക്കുന്നു.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

പകർപ്പ് : -

1. എല്ലാ വിദ്യാഭ്യാസ ഉപഡയറകർമാർക്കും
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
3. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
4. എല്ലാ KITE ജില്ലാകോർഡിനേറ്റർമാർക്കും.
5. എല്ലാ മിഷൻ കോർഡിനേറ്റർമാർക്കും.

ഈ സർക്കുലറും മുഖ്യമന്ത്രിയുടെ സന്ദേശവും ഇന്നുതന്നെ എല്ലാ സ്കൂൾ പ്രഥമാദ്ധ്യാപകർക്ക് നൽകേണ്ടതും നിർദ്ദേശം നടപ്പിലാക്കേണ്ടതുമാണ്.